# പതിമൂന്നാം കേരള നിയമസഭ

## എട്ടാം സമ്മേളനം

## ഐ.എ.വൈ ഭവനപദ്ധതി

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ : **3030**

03.04.2013 ൽ മറുപടിക്ക്

ചോദ്യം.

ശ്രീമതി. പി. അയിഷാ പോറ്റി

ഉത്തരം.

ശ്രീ.കെ.സി.ജോസഫ്
(ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പു മന്ത്രി)

| | | | |
|---|---|---|---|
| (എ) | ഐ.എ.വൈ ഭവനപദ്ധതിയിൽ നടപ്പുസാമ്പത്തിക വർഷം കരാർ ചെയ്തു നിർമ്മാണം ആരംഭിച്ച വീടുകൾക്ക് സംസ്ഥാന സർക്കാർ നൽകേണ്ട വിഹിതം എത്രയാണ്; | (എ) | ഐ.എ.വൈ. പദ്ധതിയുടെ നടത്തിപ്പിനായി നടപ്പു സാമ്പത്തിക വർഷം കേന്ദ്ര സർക്കാർ അനുവദിച്ച തുകയ്ക്ക് ആനുപാതികമായ സംസ്ഥാന വിഹിതം പൂർണ്ണമായും അനുവദിച്ചു നൽകി കഴിഞ്ഞു. എന്നാൽ കേന്ദ്ര സർക്കാർ നിശ്ചയിച്ച യൂണിറ്റ് കോസ്റ്റായ 48,500/- രൂപയ്ക്ക് പുറമേ അധിക ബാധ്യതയായി വരുന്ന തുകയിൽ ഒരു വീടിന് 75,000/- രൂപ വീതം സർക്കാർ വിഹിതമായി നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചു കഴിഞ്ഞു. |
| (ബി) | പ്രസ്തുത വിഹിതം നടപ്പു സാമ്പത്തിക വർഷത്തിൽ നാളിതുവരെ ഗുണഭോക്താക്കൾക്ക് ലഭ്യമാക്കാതിരിക്കുന്നതിന്റെ കാരണം എന്താണ്; | (ബി) | ഹഡ്കോയിൽ നിന്നും വായ്പ ലഭിക്കില്ലാ എന്നുള്ള കാര്യം സാമ്പത്തിക വർഷത്തിന്റെ അവസാനം അറിയിച്ചതു കാരണമാണ് കാലതാമസം ഉണ്ടായത്. |
| (സി) | പ്രസ്തുത വിഹിതം ലഭ്യമാക്കാത്തതിനാൽ ഐ.എ.വൈ പദ്ധതി പ്രകാരം ഗുണഭോക്താക്കൾക്ക് വീട് പൂർത്തീകരിക്കാനാകാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (സി) | ഉണ്ട്. |
| (ഡി) | ഐ.എ.വൈ പദ്ധതിയിൽ സർക്കാർ വിഹിതം ഗുണഭോക്താക്കൾക്ക് ലഭ്യമാക്കാൻ | (ഡി) | ഇന്ദിരാ ആവാസ് യോജനയിൽ സർക്കാർ വിഹിതമായ 75,000/- രൂപ ലഭ്യമാക്കുന്നതിനായി സഹകരണ സ്ഥാപനങ്ങളിൽ നിന്നും വായ്പയെടുക്കുന്നതിനും |

| | | | |
|---|---|---|---|
| | എന്തെല്ലാം നടപടികൾ സ്വീകരിക്കുമെന്ന് വിശദമാക്കുമോ? | | 2012-13 പ്ലാൻ ഫണ്ടിൽ ചെലവാകാത്ത തുക വിനിയോഗിക്കുന്നതിനും തദ്ദേശ സ്വയം ഭരണ വകുപ്പ്, ഗ്രാമവികസന വകുപ്പ് മുതലായവ 31.03.2013-ന് മുമ്പ് ബന്ധപ്പെട്ട ഡിമാന്റ് ഫോർ ഗ്രാന്റിൽ നിന്നും സറണ്ടർ ചെയ്യുന്ന തുക എത്രയാണോ അത് തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾക്ക് റിലീസ് ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചു കഴിഞ്ഞു. |

സെക്ഷൻ ഓഫീസർ